# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തെന്നല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി എം.14/1236/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 17/08/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തെന്നല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തെന്നല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെന്നല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി എം.14/1236/2021 തീയ്യതി: 17/08/2021

## മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-12-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണിപൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 27-07-2021 | 09-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-07-2021 | 09-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ദിനേഷൻ എം (ഓഡിറ്റ് ഓഫീസർ)
ശ്രീ. റിഷിൽ പി (ഓഡിറ്റ് ഓഫീസർ)
ശ്രീ. അബ്ദുസ്സലാം പി (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ. ഇദ്രീസ് അബ്ദുള്ള എ.സി (ഓഡിറ്റർ)
ശ്രീമതി സുജിത പി.കെ (ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കുഞ്ഞിമൊയ്തീൻ.എം.പി. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. ഷെമി കെ മുഹമ്മദ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ. സീമ കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ. ഫാത്തിമ ഫായിസ യു | വെറ്റിനറി സർജൻ | 01-04-2019 | 11-02-2020 |
| ഡോ. സുഷാന്ത് വി.എസ് | വെറ്റിനറി സർജൻ | 12-02-2020 | 12-03-2020 |
| ഡോ. ഫാത്തിമ ഫായിസ യു | വെറ്റിനറി സർജൻ | 13-03-2020 | 28-03-2020 |
| ഡോ. സുഷാന്ത് വി.എസ് | വെറ്റിനറി സർജൻ | 29-03-2020 | 31-03-2020 |
| ഡോ. ദിവ്യ പി.ടി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ശ്രീ. സലീഷ് എ | സെക്രട്ടറി | 01-04-2019 | 24-04-2019 |
| ശ്രീ.നാരായണൻ.എം. | സെക്രട്ടറി | 25-04-2019 | 19-07-2019 |
| ശ്രീ.ഷംസുദ്ധീൻ.സി.കെ. | സെക്രട്ടറി | 27-07-2019 | 31-03-2020 |
| ശ്രീമതി പുഷ്പ.എ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.മാക്സ് വെൽ.കെ.സി. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 18-07-2019 |
| ശ്രീമതി പ്രീത എം.പി. | കൃഷി ഓഫീസർ | 01-04-2019 | 16-04-2019 |
| ശ്രീമതി നിമ്മി എ.ആർ. | കൃഷി ഓഫീസർ | 17-04-2019 | 13-05-2019 |
| ശ്രീമതി ഷൈലജ.പി.വി. | കൃഷി ഓഫീസർ | 13-05-2019 | 25-09-2019 |
| ശ്രീ. അൻസോ | വി.ഇ.ഒ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ. ബബീഷ് കുമാർ.വി.കെ. | വി.ഇ.ഒ -2 | 01-04-2019 | 16-09-2019 |
| ശ്രീ. ഷൈജിത്ത്. ഐ | വി.ഇ.ഒ -2 | 17-09-2019 | 20-12-2019 |
| ശ്രീമതി ജോമോൾ ജോസ് | വി.ഇ.ഒ -2 | 21-12-2019 | 27-02-2020 |
| ഒഴിവ് | വി.ഇ.ഒ -2 | 28-02-2020 | 31-03-2020 |
| ശ്രീ. സലീഷ് എ | സെക്രട്ടറി (ഇൻ ചാർജ്) | 20-07-2019 | 26-07-2019 |
| ശ്രീമതി റീജ എച്ച്.പി. | അസിസ്റ്റന്റ് എഞ്ചിനിയർ | 19-07-2019 | 31-03-2020 |

.

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Idrees Abdulla A.C. (Auditor, On 31-07-2021)<br>Last Updated By: Unni.P (Deputy Director, On 17-08-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Idrees Abdulla A.C. (Auditor, On 31-07-2021)<br>Last Updated By: Unni.P (Deputy Director, On 16-08-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Idrees Abdulla A.C. (Auditor, On 31-07-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 07-08-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Idrees Abdulla A.C. (Auditor, On 31-07-2021)<br>Last Updated By: Unni.P (Deputy Director, On 17-08-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 31-07-2021)<br>Last Updated By: Unni.P (Deputy Director, On 17-08-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Idrees Abdulla A.C. (Auditor, On 31-07-2021)<br>Last Updated By: Unni.P (Deputy Director, On 16-08-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Idrees Abdulla A.C. (Auditor, On 31-07-2021)<br>Last Updated By: Unni.P (Deputy Director, On 16-08-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Idrees Abdulla A.C. (Auditor, On 31-07-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 09-08-2021) | 1-8 |
| 9 | അഭ്യന്തര നിയന്ത്രണം<br>Written By: Idrees Abdulla A.C. (Auditor, On 31-07-2021)<br>Last Updated By: Unni.P (Deputy Director, On 17-08-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 31-07-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 08-08-2021) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Idrees Abdulla A.C. (Auditor, On 31-07-2021)<br>Last Updated By: Unni.P (Deputy Director, On 17-08-2021) | 1-11 |
| 12 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്/ബത്ത - ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമായില്ല<br>Written By: M Dinesan (Audit Officer, On 08-08-2021)<br>Last Updated By: Unni.P (Deputy Director, On 17-08-2021) | 1-12 |
| 13 | വനിതകൾക്ക് ആട് വളർത്തൽ പദ്ധതി - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകത സംബന്ധിച്ച്.<br>Written By: Sujitha.P.K (Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 17-08-2021) | 1-13 |
| 14 | തുല്യത പരീക്ഷ ഫീസ് അടവാക്കൽ - പ്രൊജക്ട് വിശദാംശങ്ങൾ ലഭ്യമല്ല<br>Written By: Abdul Salam.P (Senior Grade Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 16-08-2021) | 1-14 |
| 15 | SSA വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Abdul Salam.P (Senior Grade Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 16-08-2021) | 1-15 |
| 16 | ആരോഗ്യ ജാഗ്രത പ്രവർത്തനങ്ങൾ - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 1-16 |

| | | |
|---|---|---|
| | Written By: Abdul Salam.P (Senior Grade Auditor, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 17-08-2021) | |
| 17 | അംഗൻവാടി കെട്ടിട നിർമ്മാണം-തെറ്റായ നിരക്ക് നൽകിയത് വഴി അധിക ചെലവുണ്ടായി - നഷ്ടം 4981 രൂപ<br>Written By: Rishil.P (Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 17-08-2021) | 1-17 |
| 18 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല – നഷ്ടം 11692 രൂപ<br>Written By: Rishil.P (Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 16-08-2021) | 1-18 |
| 19 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല<br>Written By: Rishil.P (Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 16-08-2021) | 1-19 |
| 20 | കണ്ടംചിന വാരിയത്ത് പാറ റോഡ് ഉയർത്തൽ പ്രവൃത്തി - TDS ഈടാക്കിയിട്ടില്ല<br>Written By: Rishil.P (Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 17-08-2021) | 1-20 |
| 21 | റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് ഗ്രേഡഡ് മെറ്റൽ ഉപയോഗിച്ച കൊണ്ടുള്ള കോൺക്രീറ്റിംഗ് ചെയ്തില്ല<br>Written By: Rishil.P (Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 17-08-2021) | 1-21 |
| 22 | മരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ<br>Written By: Rishil.P (Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 17-08-2021) | 1-22 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | അംഗൻവാടി കെട്ടിട പുനരുദ്ധാരണം – തെറ്റായ നിരക്ക് നൽകിയത് വഴി അധിക ചെലവുണ്ടായി - നഷ്ടം 4988 രൂപ<br>Written By: Rishil.P (Audit Officer, On 09-08-2021)<br>Last Updated By: Unni.P (Deputy Director, On 17-08-2021) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 31-07-2021)<br>Last Updated By: Unni.P (Deputy Director, On 16-08-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Idrees Abdulla A.C. (Auditor, On 31-07-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 09-08-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 31-07-2021)<br>Last Updated By: Unni.P (Deputy Director, On 16-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 31-07-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 08-08-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Idrees Abdulla A.C. (Auditor, On 31-07-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 08-08-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Idrees Abdulla A.C. (Auditor, On 31-07-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 09-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Idrees Abdulla A.C. (Auditor, On 31-07-2021)<br>Last Updated By: Unni.P (Deputy Director, On 17-08-2021) | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Idrees Abdulla A.C. (Auditor, On 31-07-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 31-07-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 31-07-2021)<br>Last Updated By: Unni.P (Deputy Director, On 17-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 31-07-2021)<br>Last Updated By: Unni.P (Deputy Director, On 17-08-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Idrees Abdulla A.C. (Auditor, On 31-07-2021)<br>Last Updated By: Unni.P (Deputy Director, On 16-08-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

14.02.2019 തീയതിയിലെ 1 (1) തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 06.03.2020 തീയതിയിലെ 3(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 05.06.2020 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 26472436 |
| വരവ് | 66404027 |
| ആകെ | 92876463 |
| ചെലവ് | 73468028 |
| നീക്കിയിരിപ്പ് | 19408435 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 10549754 | 10549754 | 8217631 | 2332128 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1533000 | 1533000 | 570000 | 963000 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 7766000 | 7766000 | 3667727 | 4098273 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3251000 | 3251000 | 2696685 | 554315 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 8065988 | 8065988 | 4157471 | 3908517 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 8388 | 5364468 | 5372856 | 5271696 | 101160 |
| ഐ.സി.ഡി.എസ് | 610251 | 1217388 | 1897639 | 1062509 | 765130 |
| ടോട്ടൽ സാനിറ്റേഷൻ | 1793146 | 240103 | 2033249 | 230000 | 1803249 |
| ജലനിധി | 15841973 | 15311153 | 31153126 | 26162975 | 4990151 |
| തനത് ഫണ്ട് (തെന്നല സർവ്വീസ് സഹകരണ ബാങ്ക്) | 7636398 | 126993 | 7763391 | 0 | 7763391 |
| എസ്.ബി.ഐ ഇ-പെയ്മെന്റ് | 8852 | 942964 | 951816 | 0 | 951816 |
| ട്രഷറി TSB | 307449 | 3310659 | 3618108 | 0 | 3618108 |
| ബി ഫണ്ട് | 0 | 83400 | 83400 | 83400 | 0 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് 2019-20

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് പത്രിക പ്രകാരം വികസന ഫണ്ട് ( ജനറൽ )ഇനത്തിൽ ചെലവ് തുകയായി രേഖപ്പെടുത്തിയിട്ടുള്ളത് 8218872/-രൂപയാണ്. എന്നാൽ വാർഷികകണക്ക് / എ.സി.ആർ എന്നിവയിൽ ചെലവ് 8217631/-രൂപയാണ്. 1241/- രൂപ

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 230 | 66068037 | 126 | 33327935 | 0 | 104 | 54.7 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8388 | 652509 | 660897 | 559737 | 101160 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 4711959 | 4711959 | 4711959 | 0 |
| | 8388 | 5364468 | 5372856 | 5271696 | 101160 |

കുറിപ്പ്

തൊഴിലുറപ്പ് പദ്ധതി വാർഷികകണക്കും ക്യാഷ് ബുക്കും താഴെ പറയും പ്രകാരം വ്യതാസപ്പെട്ടിരിക്കുന്നു.

| | വാർഷിക കണക്ക് പ്രകാരം | ക്യാഷ് ബുക്ക് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 8388 | 219388 |
| അഡ്മിൻ വരവ് | 652509 | 652753 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 23400 | 13 |
| കർഷകതൊഴിലാളി പെൻഷൻ | 373200 | 189 |
| വിധവാപെൻഷൻ | 5384400 | 2563 |
| വാർദ്ധക്യകാലപെൻഷൻ | 8969100 | 4438 |
| വികലാംഗപെൻഷൻ | 2202100 | 1105 |
| വിവാഹ ധനസഹായം | 60000 | 2 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 79200 | 36 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.07.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. കളക്ഷൻ തുക അന്നേ ദിവസം അടവാക്കുന്നതിനാൽ ക്യാഷ് നീക്കിയിരിപ്പില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 അഭ്യന്തര നിയന്ത്രണം

.ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ പറയുന്നു.

1. വി.ഇ.ഒ, ഐ.സി.ഡി.എസ് സൂപ്പർ വൈസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് സെക്ഷനിൽ അളവ് പുസ്തകത്തിന് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3. കാൻസൽ ചെയ്ത എല്ലാ സാംഖ്യ രസീതികളും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാഹരണം-രസീതി നമ്പർ.120020101989, 120020100349, 120020100996

4. വർക്കിംഗ് ഗ്രൂപ്പുകളുടെ ചില യോഗങ്ങളുടെ തീരുമാനങ്ങൾ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ചില യോഗങ്ങളുടെ മിനുട്സുകൾ ക്ലോസ് ചെയ്തിട്ടില്ല. വിദ്യാഭ്യാസം, സംസ്കാരം,കല, കായികം, വിനോദം, യുവജന ക്ഷേമ വർക്കിംഗ് ഗ്രൂപ്പിന്റെ യോഗ മിനുട്സ് ബുക്കിൽ ഒരു യോഗത്തിന്റെയും തീരുമാനം രേഖപ്പെടുത്തിയിട്ടില്ല. കൃഷി അനുബന്ധ വർക്കിംഗ് ഗ്രൂപ്പിന്റെ യോഗ മിനുട്സ് ഒന്നും തന്നെ ക്ലോസ് ചെയ്തിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.11.2020 | 01/2020, 02/2020, 03/2020 | 25.11.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.11.2009 മുതൽ 21.11.2009 | 2004-05 മുതൽ 2008-2009 | 25.02.2017 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

2019-20 വാർഷികകണക്കിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) വാർഷികകണക്ക് പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ 139900/- രൂപ ഡിമാന്റും 100400/-രൂപ കളക്ഷനും ഉണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്ററിൽ വരവുകളുടെ സംഗ്രഹം എഴുതി സൂക്ഷിക്കാത്തതിനാൽ ഇവയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

2) Profession Tax Institutions/ Professionals/ Traders- വാർഷികകണക്ക് പ്രകാരം 225490/- രൂപ ഡിമാന്റും 172410/-രൂപ കളക്ഷനും ഉണ്ട്. എന്നാൽ രജിസ്റ്ററിൽ വരവുകളുടെ സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ല.

3) Profession Tax Employees ഡിമാന്റ് രജിസ്റ്ററും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക കണക്ക് | 699420 | 684920 | ഇല്ല |
| ഡിമാന്റ് രജിസ്റ്റർ | 756440 | 751440 | 21400 |

4) വാർഷിക കണക്ക് പ്രകാരം Permit Fee For Construction Of Buildings എന്ന ഹെഡിൽ 250254/-രൂപ വരവുണ്ട് . എന്നാൽ പെർമിറ്റ് രജിസ്റ്ററിൽ വരവുകളുടെ സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ല.

5) ചെലവ് പത്രിക പ്രകാരം സംയുക്ത പദ്ധതികൾക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും 520725/- രൂപ ചെലവ് വന്നിട്ടുണ്ട് എന്നാൽ വാർഷിക കണക്ക് പ്രകാരം 280394/- മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പിലാക്കിയ കുണ്ണുകളും-അകത്തിക്കുളം പുനരുദ്ധാരണം എന്ന പ്രോജക്ടിന്റെ (നമ്പർ -160/2019-20) ചെലവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

6) ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച തുക യഥാർത്ഥത്തിൽ 671000/-രൂപ ആയിരുന്നെങ്കിലും വാർഷിക കണക്ക് പ്രകാരം 280394/-രൂപയാണ് കാണിച്ചിട്ടുള്ളത്.

7) Audit Recovery Register പ്രകാരം 2019-20 ൽ 10443/- രൂപയാണ് ഈയിനത്തിൽ വരവുള്ളത്. എന്നാൽ വാർഷിക കണക്ക് പ്രകാരം 35817/- രൂപയാണ് വരവുള്ളത്.

8) അഡ്വാൻസ് രജിസ്റ്ററിൽ തിരിച്ചടവുകളുടെ വിവരം ചേർത്ത് സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ല.

9) തൊഴിലുറപ്പ് പദ്ധതി-വാർഷികകണക്കിലെ വിവരങ്ങൾ MGNREGS ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

| | വാർഷിക കണക്ക് | ക്യാഷ് ബുക്ക് |
|---|---|---|
| മുന്നിരിപ്പ് | 8388 | 219388 |
| അഡ്മിൻ വരവ് | 652509 | 652753 |

10) ആസ്തികളുടെ മൂല്യം കണക്കാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-12 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്/ബത്ത - ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമായില്ല

പ്രൊജക്ട് - 77/20

അടങ്കൽ - 450000, പ്ലാൻ (ജനറൽ)

250000, ബ്ലോക്ക് ഫണ്ട്

250000 , ജി.പ. ഫണ്ട്

950000

ചെലവ് – 254400, ബിൽ നം.20/13.3.20പ്ലാൻ (ജനറൽ)

125300 ബിൽ നം.9/26.10.19 പ്ലാൻ (ജനറൽ)

119500, ബിൽ നം.19/13.2.20ബ്ലോക്ക് ഫണ്ട്

499200

നിർവ്വഹണം - ICDS സൂപ്പർവൈസർ

ജി.ഒ.(എം.എസ്)22/2018/ത.സ്വ.ഭ.വ 14.2.2018 പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന ഡേ സ്കോളറായ ഒരു വിദ്യാർത്ഥിക്ക് താഴെ പറയും പ്രകാരം ആനുകൂല്യങ്ങൾ പ്രതിവർഷം അനുവദിക്കാവുന്നതാണ്.

| ക്രമ നമ്പർ | ഇനം | കാലയളവ് | സ്കോളർഷിപ്പ്/ബത്ത (രൂപ) | ആകെ |
|---|---|---|---|---|
| 1 | സ്കോളർഷിപ്പ് | പ്രതിമാസം | 1000 | 12000 |
| 2. | വസ്ത്രങ്ങൾക്കുള്ള ബത്ത | വാർഷികം | 1500 | 1500 |
| 3. | പഠന സഹായികൾക്ക്/ വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത | വാർഷികം | **2000** | 2000 |
| 4 | ഡേ സ്കോളർക്ക് യാത്രാ ബത്ത | പ്രതിമാസം | 1000 | 12000 |
| 5 | ഉല്ലാസ യാത്രാ ചെലവുകൾ, പഠന പര്യടനം മുതലായവക്ക് | വാർഷികം | 1000 | 1000 |
| ആകെ | | | | 28500 |

സർക്കുലർ നമ്പർ.ഡി.എ-1/19/2019/തസ്വഭവ തീയ്യതി.25.1.2019 പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹതപ്പെട്ട സ്കോളർഷിപ്പും ബത്തയും എല്ലാ മാസവും കൃത്യമായി നൽകാൻ ശ്രദ്ധിക്കണമെന്ന് നിർദ്ദേശമുണ്ട്.

മേൽ പട്ടികയിൽ പറഞ്ഞ പ്രകാരം സ്കോളർഷിപ്പും ബത്തയും നൽകുന്നതിന് പര്യാപ്തമായ തുക പ്രൊജക്ടിൽ വകയിരുത്തിയിട്ടുണ്ട്. സ്കോളർഷിപ്പും ബത്തയും കൃത്യമായി നൽകണമെന്ന് മേൽ സർക്കുലർ പ്രകാരം നിർദ്ദേശവുമുണ്ട്. എന്നിട്ടും ഈ പ്രൊജക്ടിലെ ഗുണഭോക്താക്കൾക്ക് അർഹമായ സ്കോളർഷിപ്പ്/ബത്ത നൽകിയിട്ടില്ല. മാനസിക വെല്ലുവിളി നേരിടുന്ന ഡേ സ്കോളറായ വിദ്യാർത്ഥികൾക്ക് 12000 രൂപയാണ് തൻവർഷം അനുവദിച്ചിട്ടുള്ളത്. ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസിന് ആനുപാതികമായി തുക അനുവദിച്ചിട്ടുണ്ട് എന്നാൽ വാർഷിക ബത്ത അനുവദിച്ചിട്ടില്ല. പ്രൊജക്ട് അടങ്കലിനത്തിൽ വകയിരുത്തിയ ജില്ലാ പഞ്ചായത്ത് ഫണ്ട് പൂർണ്ണമായും, ബ്ലോക്ക് ഫണ്ട് ഭാഗികമായും ലഭ്യമാക്കാത്തതിനാലാണ് സമൂഹത്തിലെ ഏറ്റവും ദൈന്യതയനുഭവിക്കുന്ന പ്രൊജക്ട് ഗുണഭോക്താക്കൾക്ക് അർഹമായ സ്കോളർഷിപ്പും ബത്തയും ലഭിക്കാതെ പോയത് എന്ന് വ്യക്തമാണ്. തനത്/ജില്ലാ പഞ്ചായത്ത് വിഹിതമായി പ്രൊജക്ടിൽ വകയിരുത്തിയ തുകകൾ ലഭ്യമാക്കുന്നതിൽ ഭരണ സമിതിയുടെ ഭാഗത്തു നിന്നും ഫലപ്രദമായ ഇടപെടൽ ഉണ്ടാവണം.

ഓഡിറ്റ് എൻക്വയറി നം.13/2019-20/06.8.2021 മുഖേന വിഷയം നിർവ്വഹണ ഉദ്യോഗസ്ഥന്റെയും സെക്രട്ടറിയുടെയും ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 വനിതകൾക്ക് ആട് വളർത്തൽ പദ്ധതി - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകത സംബന്ധിച്ച്.

പ്രൊജക്ട്-നം-47/19-20

അടങ്കൽ-544000(വികസനഫണ്ട്-ജനറൽ-272000,ഗുണഭോക്തൃവിഹിതം-272000)

ചെലവ്-224000,വികസനഫണ്ട്-ജനറൽ-

224000 ഗുണഭോക്തൃവിഹിതം (ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിച്ച)

448000,

ബിൽ നം/തീയതി-1/19-20 /15.11.2019: 120000

ബിൽ നം/തീയതി-6/19-20/12.03.2020:48000

ബിൽ നം/തീയതി-7/19-20/12.03.2020:32000

ബിൽ നം/തീയതി-8/19-20/12.03.2020:24000

നിർവ്വഹണം: വെറ്ററിനറി സർജൻ

സ്വയം തൊഴിൽ ലക്ഷ്യമിട്ട് ഗ്രാമ പ്രദേശത്തെ 34 വനിതകൾക്ക് 8000/- രൂപ വില വരുന്ന 2 ആടുകളെ വീതം വിതരണം ചെയ്യാനാണ് പ്രൊജക്ട് വിഭാവനം ചെയ്തത്. പ്രൊജക്ട് പ്രകാരം 28 വനിതകൾക്ക് ആടിനെ വാങ്ങിയിട്ടുണ്ട്. ഇതിന് സബ്സിഡി തുക 8000/-രൂപ ആടിനെ വില്പന നടത്തിയ ആളുകളുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ രേഖകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾ, പുതുതായി ആടിനെ വാങ്ങാതെ, തങ്ങളുടെ ഉടമസ്ഥതയിലുള്ള ആടുകളെ പരസ്പരം കൈമാറുകയാണ് ചെയ്തിട്ടുള്ളത് എന്ന് കണ്ടു. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വില്പന നടത്തിയ ഗുണഭോക്താവിന്റെപേര് | കൈപ്പറ്റിയ ഗുണഭോക്താവിന്റെപേര് | കൈപ്പറ്റിയ സബ്സിഡി തുക |
|---|---|---|---|
| 1 | ശ്രീമതി.മൈമൂന മച്ചിങ്ങൽ | ശ്രീമതി.ജമീല മേലേപീടിയേക്കൽ | 8000 |
| 2 | ശ്രീമതി.ജമീല മേലേ പീടിയേക്കൽ | ശ്രീമതി.മൈമൂന മച്ചിങ്ങൽ | 8000 |
| 3 | ശ്രീമതി.സക്കീന കാലം വളപ്പിൽ | ശ്രീമതി.തിത്തുമ്മു പിലാക്കാടൻ | 8000 |
| 4 | ശ്രീമതി.തിത്തുമ്മു പിലാക്കാടൻ | ശ്രീമതി.സക്കീന കാലം വളപ്പിൽ | 8000 |
| | | ആകെ | 32000/- |

പാലുല്പാദന വർദ്ധന, വരുമാന വർദ്ധന മുതലായ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് പ്രൊജക്ട് നടപ്പാക്കിയിട്ടുള്ളത്. മേൽ ഗുണഭോക്താക്കൾ ആടുകളെ പുതുതായി വാങ്ങാതെ, സ്വന്തം ഉടമസ്ഥതയിലുള്ളവയെ പരസ്പരം കൈമാറ്റം ചെയ്തതുമൂലം പ്രൊജക്ടിന്റെ ഉദ്ദിഷ്ട ലക്ഷ്യത്തിന് വിരുദ്ധമായി പ്രവർത്തിച്ചതായി കാണുന്നു. ആയതിനാൽ പ്രസ്തുത ഗുണഭോക്താക്കൾ പദ്ധതിപ്രകാരമുള്ള ധനസഹായത്തിന് അർഹരല്ലായെന്ന് കാണുന്നു. പ്രൊജക്ട് ലക്ഷ്യത്തിന് വിരുദ്ധമായുള്ള സബ്സിഡിയിനത്തിലെ ചെലവ് 32000/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു....

## 1-14 തുല്യത പരീക്ഷ ഫീസ് അടവാക്കൽ - പ്രൊജക്ട് വിശദാംശങ്ങൾ ലഭ്യമല്ല

നിർവഹണം : ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

പ്രൊജക്ട് നമ്പർ, പേര് : 19/20, തുല്യതാ പരീക്ഷ ഫീസ് അടവാക്കൽ

തുക : 35950 രൂപ (തനത് ഫണ്ട്)

വൗച്ചർ നമ്പർ / തിയ്യതി : 21900821/25.03.2020

തുല്യതാ പരീക്ഷ ഫീസ് അടവാക്കൽ പ്രൊജക്ടിന്റെ ഭാഗമായി 35950 രൂപ കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. എസ്.എസ്.എൽ.സി തുല്യത പരീക്ഷക്ക് 13 പേരുടെയും (13 X 1750 = 22750), പ്ലസ് ടു തുല്യത പരീക്ഷക്ക് 6 പേരുടെയും (6 X 2200 = 13200) കോഴ്സ് ഫീ 35950 രൂപയാണ് അടവാക്കിയത്.

പഠിതാക്കളുടെ വിശദാംശം ഫയലിൽ സൂക്ഷിച്ചിട്ടില്ല. പഠിതാക്കൾ കോഴ്സിന് രജിസ്റ്റർ ചെയ്തതിന്റെയും, പരീക്ഷ എഴുതിയതിന്റെയും വിശദാംശങ്ങൾ ഇല്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 3/05.08.2021) മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 35950 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-15 SSA വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവഹണം : ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

പ്രൊജക്ട് നമ്പർ, പേര് : 01/20, എസ്.എസ്.എ വിഹിതം അടവാക്കൽ

തുക : 4,00,000 (വികസന ഫണ്ട് - ജനറൽ)

ബിൽ നമ്പർ : 14/05.09.2019

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 2019-20 വർഷത്തിൽ നടപ്പാക്കിയ മേൽ പ്രൊജക്ടിന്റെ ഭാഗമായി എസ്.എസ്.എ മലപ്പുറം ജില്ലാ പ്രൊജക്ട് ഓഫീസർ ക്ക് തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

തുക കൈപ്പറ്റിയതിന്റെ വിവരം, വിശദമായ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 5/05.08.2021) മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 4,00,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-16 ആരോഗ്യ ജാഗ്രത പ്രവർത്തനങ്ങൾ - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 2019-20 വർഷ കണ്ടിജന്റ് ചെലവുകളിൽ ഉൾപ്പെടുത്തി 17 വാർഡുകളിലെയും

ആരോഗ്യ ജാഗ്രത പ്രവർത്തനങ്ങൾക്കായി 2,55,000/- രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് പി.എച്ച്.സി മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട് (വൗച്ചർ നമ്പർ / തിയ്യതി : 21900658/30.01.2020). 17 വാർഡുകളിലേക്കും ശുചിത്വ മിഷൻ ഫണ്ട് 1,70,000 (17 X 10,000) രൂപയും , തനത് ഫണ്ട് 85,000 (17 X 5000) രൂപയുമാണ് പ്രവർത്തനങ്ങൾക്കായി വിഭാവനം ചെയ്തത്. എന്നാൽ ശുചിത്വ മിഷൻ ഫണ്ട് നിലവിൽ നൽകിയിട്ടില്ലാത്തതിനാൽ പ്രസ്തുത തുക കൂടി തനത് ഫണ്ടിൽ നിന്ന് അനുവദിക്കുകയാണ് ചെയ്തത്.

- 17 വാർഡുകളിലെയും ആരോഗ്യ ജാഗ്രത പ്രവർത്തനങ്ങൾ നടന്നതിന്റെ വിവരം ലഭ്യമല്ല.
- മെഡിക്കൽ ഓഫീസർ വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുണ്ടെങ്കിലും ചെലവ് വിശദാംശം, ചെലവ് അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.
- ശുചിത്വ മിഷൻ ഫണ്ട് ലഭ്യമായതിന്റെയും തനത് ഫണ്ടിൽ റീ ക്ലൂപ്പ് ചെയ്തതിന്റെയും വിശദാംശങ്ങൾ ഇല്ല.

രേഖകൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 4/05.08.2021) മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 2,55,000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-17 അംഗൻവാടി കെട്ടിട നിർമ്മാണം-തെറ്റായ നിരക്ക് നൽകിയത് വഴി അധിക ചെലവുണ്ടായി - നഷ്ടം 4981 രൂപ

താഴെ പറയുന്ന പ്രവൃത്തികൾ 4.8.21 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ സന്ദർശിച്ചപ്പോൾ പ്രവൃത്തികളിൽ സ്ഥാപിച്ച ജനൽവാതിലുകളെല്ലാം തന്നെ 12 Mm Ms Rod തിരശ്ചീനമായി (Horizontal) വെൽഡിംഗ് ഇല്ലാതെ മരത്തിന്റെ ഫ്രെയിമിൽ വെക്കുക മാത്രമാണ് ചെയ്തത് എന്ന് ബോധ്യപ്പെട്ടു. എന്നാൽ പ്രവൃത്തികൾക്ക് DAR 9.48.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. DAR 9.48.1 പ്രകാരമുള്ള നിരക്ക് വെൽഡിങ്ങ് ആവശ്യമുള്ള ജനൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടതായതിനാൽ മരത്തിന്റെ ഫ്രെയിമിൽ ജനൽ കമ്പികൾ വെക്കുന്ന ഇത്തരം പ്രവൃത്തികൾക്ക് DAR 14.29 പ്രകാരമുള്ള നിരക്കാണ് അനുവദിക്കാവുന്നത്. തെറ്റായ നിരക്ക് അനുവദിച്ചത് വഴി പ്രവൃത്തികളിൽ അധിക ചെലവുണ്ടായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി | അനുവദിച്ച തുക ( DAR 9.48.1) | അനുവദിക്കാവുന്ന തുക ( DAR 14.29) | അധികം |
|---|---|---|---|---|
| 1 | പ്രോജക്റ്റ് നമ്പർ - SO 151/20<br>ആറുമട അംഗൻവാടി പുനരുദ്ധാരണം<br>ഫണ്ട് - MG (NR)<br>സാങ്കേതികാനുമതി തുക – 2,15,000<br>കരാറുകാരൻ - ശ്രീ. അബ്ദുൾ അസീസ്.P<br>അളവ് പുസ്തകം - 75/18-19, 105/18-19<br>കരാർ - 69/AE/TNL/18-19 തി. 15.11.18 (Estimate Rate)<br>മൂല്യനിർണ്ണയം - 182771<br>ബിൽ നമ്പർ - 11/5.9.19 -182771<br>COI – 37.25%<br>Esti. No- 2018/19125 | 44.936 Kg X 143.63/Kg = 6454.16 | 44.936 Kg X 84.82/Kg = 3811.47 | 2643 |
| 2 | പ്രോജക്റ്റ് നമ്പർ - SO 081/19<br>ളുമ്പത്ത് പറമ്പ് അംഗൻവാടി പുനരുദ്ധാരണം<br>ഫണ്ട് - MG (NR)<br>സാങ്കേതികാനുമതി തുക – 1,67,000<br>കരാറുകാരൻ - ശ്രീ. അബ്ദുൾ അസീസ്.EK<br>അളവ് പുസ്തകം - 114/18-19 | 39.87 Kg X 143.63/Kg = 5726.53 | 39.87 Kg X 84.82/Kg = 3381.77 | 2338<br>(2345-0.3%) |

| | | | | |
|---|---|---|---|---|
| | കരാർ - 57/AE/TNL/18-19 തി. 22.9.18<br>(Tender Below -0.3%)<br>മൂല്യനിർണ്ണയം - 147324<br>ബിൽ നമ്പർ - 1/9.5.19 -147324<br>COI – 37.25%<br>Esti. No- 2018/99694 | | | |
| ആകെ | | | | 4981 |

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 7 /6.8.21)മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിൽ അധികം നൽകിയ 4981 രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-18 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല – നഷ്ടം 11692 രൂപ

കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 പ്രകാരം നിശ്ചിത സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. അത് കൊണ്ട് തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തികളുടെ കരാറുകാരനുമായി ചമച്ച കരാറുകളിലെ വ്യവസ്ഥ അനുസരിച്ച്, കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ ആദ്യത്തെ 3 മാസത്തിന് 1% നിരക്കിലും പിന്നീടുള്ള ഓരോ 3 മാസത്തിനും 2% നിരക്കിലും പിഴ ഈടാക്കണം. എന്നാൽ ഇത്തരത്തിൽ പിഴ ഈടാക്കാതെയാണ് താഴെ പറയുന്ന പ്രവൃത്തിയിൽ കരാറുകാരന് പേമെന്റ് അനുവദിച്ചിട്ടുള്ളത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് | പിഴ |
|---|---|---|---|---|---|
| 1 | അർമ്മദ അംഗൻവാടി പുനരുദ്ധാരണം (SO138/20)<br>ഫണ്ട് - MG(NR) - 2,00,000<br>ബിൽ നം. 7/5.9.19 – 168104<br>മൂല്യ നിർണ്ണയം - 168104<br>PAC-168104<br>അളവ് പുസ്തകം 302/17-18<br>കരാറുകാരൻ -ഉമ്മർ കോയ. U<br>കരാർ. 20/20.10.17<br>TS-200000 | 20.10.17 | 19.4.18 വരെ<br>(6 മാസം) | 17.4.19 | 11692<br>20.4.18 മുതൽ 19.7.18 വരെ 1681/-രൂപ<br>20.7.18 മുതൽ 19.10.18 വരെ 3362/-രൂപ<br>20.10.18 മുതൽ 19.1.19 വരെ 3362/-രൂപ<br>20.1.19 മുതൽ 17.4.19 വരെ 3287/-രൂപ |
| | | | | ആകെ | 11692/-<br>======== |

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 8 / 6.8.21 (2019-20)) മറുപടി ലഭ്യമാക്കിയില്ല. പിഴ കരാറുകരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-19 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

2019-20 വർഷത്തിൽ പഞ്ചായത്തിൽ ഏതാനം പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത കരാറുകാരെ പ്രവൃത്തി ഏൽപിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നതായി കാണുന്നില്ല.. GO(MS)3186/2017/LSGD തി. 2.10.17 ഉത്തരവ് പ്രകാരം E-Tender ആവശ്യത്തിനായി SBI യിൽ അക്കൗണ്ട് തുടങ്ങാൻ നിർദേശിച്ചിട്ടുണ്ട്. മേൽ നിർദേശം പാലിക്കുകയോ, ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ നാളിതുവരെ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വർഷം തിരിച്ച വിവരം കണക്കാക്കി അത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 10 /6.8.21)മറുപടി ലഭ്യമാക്കിയില്ല)

ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ നാളിതുവരെ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വർഷം തിരിച്ച വിവരം കണക്കാക്കി അത് ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 കണ്ടംചിന വാരിയത്ത് പാറ റോഡ് ഉയർത്തൽ പ്രവൃത്തി - TDS ഈടാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

കേന്ദ്ര സർക്കാറിന്റെ 14.9.18 ലെ 65/39/2018-DOR നം സർക്കുലർ പ്രകാരം മരാമത്ത് പ്രവൃത്തികളിൽ 1.10.2018 മുതൽ കരാറുകാർക്ക് അനുവദിക്കുന്ന പേമെന്റുകൾ 2,50,000 ൽ അധികരിക്കുകയാണെങ്കിൽ 2% TDSഈടാക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയിൽ പേമെന്റ് നടത്തിയിട്ടുള്ളത് 1.10.18 ന് ശേഷമാണെങ്കിലും അനുവദിച്ച തുകക്ക് ആനുപാതികമായി 2% TDSഈടാക്കിയിട്ടില്ല. .

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | തുക അനുവദിച്ചതിന്റെ വിവരം |
|---|---|
| കണ്ടംചിന വാരിയത്ത് പാറ റോഡ് ഉയർത്തൽ (SO156/20)<br>ഫണ്ട് - CFC Grant -4,00,000<br>തനത് ഫണ്ട്- 6,00,000<br>ബിൽ നം. 26/22.10.19 – 4,00,000<br>ചെക്ക് നം -<br>2014439/19.11.19-134550<br>2014415/9.3.20 – 128494<br>മൂല്യ നിർണ്ണയം - 663044<br>അളവ് പുസ്തകം 87/18-19, 158/19-20<br>കരാറുകാരൻ -ശ്രീ. ബുർആനുൽ ഹഖ്.KA<br>കരാർ. 04/19.6.18<br>TS-1000000 | മൂല്യ നിർണ്ണയം - 663044<br>പാർട്ട് ബിൽ<br>528494<br>5285 - IT<br>5285 - SGST<br>5285 - CGST<br>5232 - KCWF<br>53 - KCWF Service Charge<br>507354 – കരാറുകാരന് അനുവദിച്ചത്<br>ഫൈനൽ ബിൽ<br>134550<br>1346 - IT<br>1333 - KCWF<br>13 - KCWF Service Charge<br>131858 – കരാറുകാരന് അനുവദിച്ചത് |

ഫൈനൽ ബിൽ അനുവദിച്ചപ്പോൾ 134550 രൂപയിൽ നിന്നും 2% TDS പിടിച്ചില്ല. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 9 / 6.8.21) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരനിൽ നിന്നും 12% GST പിടിച്ചു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-21 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് ഗ്രേഡഡ് മെറ്റൽ ഉപയോഗിച്ച കൊണ്ടുള്ള

കോൺക്രീറ്റിംഗ് ചെയ്യില്ല

2019-20 വർഷത്തിൽ നടപ്പാക്കിയ മിക്ക കോൺക്രീറ്റ് റോഡ് പ്രവൃത്തികളിലും 3 ഇനങ്ങളാണ് പ്രധാനമായും നൽകിയിട്ടുള്ളത്. ക്വാറി മക്ക് വിരിക്കൽ, 1:4:8 സിമന്റ് കോൺക്രീറ്റിംഗ്, 1:2:4 സിമന്റ് കോൺക്രീറ്റിംഗ് എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 20-30 Cm കനത്തിൽ ക്വാറി മക്ക് വിരിച്ചതിന് ശേഷം 40 Mm മെറ്റൽ ഉപയോഗിച്ചുകൊണ്ടുള്ള 1:4:8 സിമന്റ് കോൺക്രീറ്റിംഗ് 10 Cm കനത്തിലും 20 Mm മെറ്റൽ ഉപയോഗിച്ചുകൊണ്ടുള്ള 1:2:4 സിമന്റ് കോൺക്രീറ്റിംഗ് 7.5 Cm കനത്തിലും ചെയ്താണ് എല്ലാ കോൺക്രീറ്റിംഗ് പ്രവൃത്തികളും ചെയ്തിട്ടുള്ളത്. DSR Code 16.42 പ്രകാരമുള്ള ഗ്രേഡഡ് മെറ്റൽ ഉപയോഗിച്ചുള്ള കോൺക്രീറ്റിംഗ് 15 Cmകനത്തിൽ നൽകാമെന്നിരിക്കെ എസ്റ്റിമേറ്റിൽ ആയത് ഉൾപ്പെടുത്താതെ 2 ലെയർ ആയിട്ടാണ് കോൺക്രീറ്റിംഗ് നടത്തിയിട്ടുള്ളത്. ഗ്രേഡഡ് മെറ്റൽ ഉപയോഗിച്ചുള്ള കോൺക്രീറ്റിംഗ് 15 Cmകനത്തിൽ നൽകിയിരുന്നെങ്കിൽ പ്രസ്തുത റോഡുകൾക്ക് കൂടുതൽ ഗുണനിലവാരവും ഈടും ലഭിക്കുമായിരുന്നു കൂടാതെ അനാവശ്യമായി വരുന്ന ചെലവുകൾ ഒഴിവാക്കാമായിരുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-22 മരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ഏർപ്പെടുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വിഷമം സൃഷ്ടിക്കും.

2. കരാർ രജിസ്റ്ററിൽ കരാർ പ്രകാരം പൂർത്തീകരിക്കേണ്ടതായ തീയതി (Agreed Date Of Completion)രേഖപ്പെടുത്തുന്നില്ല.

3. പി.ഡബ്ല്യ.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

4. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 10 പ്രകാരം തുറന്ന ടെണ്ടറുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ അഭിപ്രായക്കുറിപ്പോടെ, ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തികളിൽ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

5. മിക്ക ടെണ്ടറുകളിലും കരാറുകാർ ടെണ്ടർ തുക അക്കത്തിൽ മാത്രമാണ് രേഖപ്പെടുത്തുന്നത്, അക്ഷരത്തിൽ രേഖപ്പെടുത്തുന്നില്ല.

6. കരാറുകാരന് / കൺവീനർക്ക് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത രേഖ ഫയലുകളിൽ ചേർത്ത് വയ്ക്കുന്നില്ല.

7. TS സ്ലിപ്പ് , സെലക്ഷൻ നോട്ടീസ് എന്നിവ ഫയലുകളിൽ ചേർത്ത് വെയ്ക്കുന്നില്ല.

8. മരാമത്ത് പ്രവൃത്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ സൈറ്റ് ബോർഡ് പ്രവൃത്തി സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്നില്ല. എസ്റ്റിമേറ്റുകളിൽ സൈറ്റ് ബോർഡിന് പ്രൊവിഷൻ വെച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 11 /6.8.21)മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## 3-1 അംഗൻവാടി കെട്ടിട പുനരുദ്ധാരണം – തെറ്റായ നിരക്ക് നൽകിയത് വഴി അധിക ചെലവുണ്ടായി - നഷ്ടം 4988 രൂപ

താഴെ പറയുന്ന പ്രവൃത്തികൾ 4.8.21 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ സന്ദർശിച്ചപ്പോൾ പ്രവൃത്തികളിൽ സ്ഥാപിച്ച ജനൽവാതിലുകളെല്ലാം തന്നെ 12 Mm Ms Rod തിരശ്ചീനമായി (Horizontal) വെൽഡിംഗ് ഇല്ലാതെ മരത്തിന്റെ ഫ്രയിമിൽ വെക്കുക മാത്രമാണ് ചെയ്തത് എന്ന് ബോധ്യപ്പെട്ടു. എന്നാൽ പ്രവൃത്തികൾക്ക് DAR 9.48.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. DAR 9.48.1 പ്രകാരമുള്ള നിരക്ക് വെൽഡിങ്ങ് ആവശ്യമുള്ള ജനൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടതായതിനാൽ മരത്തിന്റെ ഫ്രയിമിൽ ജനൽ കമ്പികൾ വെക്കുന്ന ഇത്തരം പ്രവൃത്തികൾക്ക് DAR 14.29 പ്രകാരമുള്ള നിരക്കാണ് അനുവദിക്കാവുന്നത്. തെറ്റായ നിരക്ക് അനുവദിച്ചത് വഴി പ്രവൃത്തികളിൽ അധിക ചെലവുണ്ടായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി | അനുവദിച്ച തുക ( DAR 9.48.1) | അനുവദിക്കാവുന്ന തുക ( DAR 14.29) | അധികം |
|---|---|---|---|---|
| 1 | പ്രോജക്റ്റ് നമ്പർ - SO 151/20<br>ആറുമട അംഗൻവാടി പുനരുദ്ധാരണം<br>ഫണ്ട് - MG (NR)<br>സാങ്കേതികാനുമതി തുക – 2,15,000<br>കരാറുകാരൻ - ശ്രീ.അബ്ദുൾ അസീസ്.P<br>അളവ് പുസ്തകം - 75/18-19, 105/18-19<br>കരാർ - 69/AE/TNL/18-19 തി. 15.11.18 (Estimate Rate)<br>മൂല്യനിർണ്ണയം - 182771<br>ബിൽ നമ്പർ - 11/5.9.19 -182771<br>COI – 37.25%<br>Esti. No- 2018/19125 | 44.936 Kg X 143.63/Kg = 6454.16 | 44.936 Kg X 84.82/Kg = 3811.47 | 2643 |
| 2 | പ്രോജക്റ്റ് നമ്പർ - SO 081/19<br>ുമ്പത്ത് പറമ്പ് അംഗൻവാടി പുനരുദ്ധാരണം<br>ഫണ്ട് - MG (NR)<br>സാങ്കേതികാനുമതി തുക – 1,67,000<br>കരാറുകാരൻ - ശ്രീ. അബ്ദുൾ അസീസ്.EK<br>അളവ് പുസ്തകം - 114/18-19<br>കരാർ - 57/AE/TNL/18-19 തി. 22.9.18 (Tender Below -0.3%)<br>മൂല്യനിർണ്ണയം - 147324<br>ബിൽ നമ്പർ - 1/9.5.19 -147324<br>COI – 37.25%<br>Esti. No- 2018/99694 | 39.87 Kg X 143.63/Kg = 5726.53 | 39.87 Kg X 84.82/Kg = 3381.77 | 2338 (2345-0.3%) |
| ആകെ | | | | 4981 |

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 7 /6.8.21)മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിൽ അധികം നൽകിയ 4981 രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത് അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -4

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 05-08-2021 മുതൽ 06-08-2021 വരെ | കെ.എസ്.എ.എം.പി.എം.14/1236/2021 തീയതി |

## 4-2 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 100000 | അനുപൂരക പോഷകാഹാരം | 100000 | 0 |
| | 2019-20 | 71000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 60894 | 10106 |
| | 2019-20 | 250000 | ശാരീരിക മാനസിക വെല്ലുവിലി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 119500 | 130500 |
| | 2019-20 | 250000 | കണ്ണകുളം -അകത്തികുളം പുനരുദ്ധാരണം - ഹരിത കേരളം | 240331 | 966 |

കുറിപ്പ്

അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പിലാക്കിയ കണ്ണക്കുളം-അകത്തിക്കുളം പുനരുദ്ധാരണം എന്ന പ്രോജക്ടിന് (നമ്പർ -160/2019-20) ചെലവഴിച്ച 240331/- രൂപവാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വെസ്റ്റ് ബസാർ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 21900624/875040 | 24994 | 24994 | ഇല്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2003000 |
| തൻവർഷം നിക്ഷേപിച്ച തുക | 2653215 |
| ആകെ | 4656215 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4656215 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഫിക്സഡ് ഡെപ്പോസിറ്റ്കേരള ഗ്രാമീൺ ബാങ്ക് | 01.10.2018 | ഒരു | 20,00,000 | സർട്ടിഫിക്കറ്റ് |

| | | | | | |
|---|---|---|---|---|---|
| | തെന്നല ബ്രാഞ്ച് | | വർഷം | | നമ്പർ-196799 |
| 2 | ഫിക്സഡ് ഡെപ്പോസിറ്റ്കേരള ഗ്രാമീൺ ബാങ്ക് തെന്നല ബ്രാഞ്ച് | 17.06.2019 | ഒരു വർഷം | 2500000 | സർട്ടിഫിക്കറ്റ് നമ്പർ-196868 |
| | പലിശ | | | 153215 | |
| 2 | ഷെയർ സർട്ടിഫിക്കറ്റ് | 27.07.1977 | ലഭ്യമല്ല | 3000 | സർട്ടിഫിക്കറ്റ് നമ്പർ-1322 |
| ആകെ | | | | 4656215 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 35817 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| ലഭ്യമല്ല | ലഭ്യമല്ല | 180 | മുനീർ ടി.പി | 119020100664/30.05.2019 |
| 2013-14 & 2014-15 | ഖണ്ഡിക-3(30) | 9738 | ശ്രീ. ഷൈജു മോൻ (AE) | 119020100731/10.06.2019 |
| 1995-96 | ഖണ്ഡിക-8 | 25 | ശ്രീ. കൃഷ്ണൻ എം | 119020100830/14.06.2019 |
| 1996-97 | ഖണ്ഡിക-8 | 300 | ശ്രീ. ഭാസ്കരൻ നായർ | 119020100831/14.06.2019 |
| 1996-97 | ഖണ്ഡിക-67 | 35 | ശ്രീ.ഹംസ പൊതുവത്ത് | 119020100832/14.06.2019 |
| 1999-00 | ഖണ്ഡിക-67 | 50 | ശ്രീ.അരിമ്പ്ര മുഹമ്മദ് | 119020100833/14.06.2019 |
| 2003-04 | ഖണ്ഡിക-2(2) | 45 | ശ്രീ.അബൂബക്കർ | 119020100834/14.06.2019 |
| 2003-04 | ഖണ്ഡിക-3(2) | 70 | ശ്രീ.മനു എസ് | 119020100835/14.06.2019 |
| ലഭ്യമല്ല | ലഭ്യമല്ല | 25374 | ലഭ്യമല്ല | 119020104966/27.12.2019 |
| ആകെ | | 35817 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2013-14 | 5-2 | (അദ്ധ്യായം 9-5) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും- പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദി | ചാർജ്ജ് സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, | തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 2007-08 | 3(15) | ശ്രീ.പി.കൃഷ്ണൻകുട്ടി | LF6448/Spl.Cell/SC/D1/12 Dtd 16.02.2015 | 8,838 | 8,838 | അടവാക്കിയ വിവരം ലഭ്യമല്ല |
| 2 | 2007-08 | 3(16) | ശ്രീ.പി.കൃഷ്ണൻകുട്ടി | LF6448/Spl.Cell/SC/D1/12 Dtd 16.02.2015 | 1,44,625 | 1,44,625 | അടവാക്കിയ വിവരം ലഭ്യമല്ല |
| 3 | 2003-04 | 3-(12),3-(13)(1), | ശ്രീ സി ജെ വർഗ്ഗീസ് , | LF4520/Spl.Cell/Sc5/09 Dt. 02.05.12 | 28255 | 28255 | Rt. 11065/28/ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 3(13)(2), 3(14)2,3(15) | സെക്രട്ടറി | | | | 14.08.12 പ്രകാരം തിരിച്ചടച്ചു |
| 4 | 2008-09 2010-11 | 3-12 | ശ്രീ.ഫ്രാൻസിസ് വർഗ്ഗീസ്, അസിസ്റ്റന്റ് എഞ്ചിനീയർ | LF1957/Spl.Cell/C-SC/D1/13 Dt. 24.03.15 | 21,631 | 21,631 | അടവാക്കിയ വിവരം ലഭ്യമല്ല |

## <u>4-10 ഓഡിറ്റ് പ്രത്യവലോകനം</u>

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 66404027 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73468028 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 16673 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 722950 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-17 | - | 4981 | 1.മാക്സവെൽ, അസി.എഞ്ചിനീയർ (2494)<br>2.സുൽഫിക്കർ,അസി.എക്സി.എഞ്ചിനീയർ(2494) |
| 1-18 | | 11692 | റീജ കെ.പി , അസി.എഞ്ചിനീയർ |
| ആകെ | | 16673 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 52000 | ഡോ. ഫാത്തിമാ ഫായിസ.യു., വെറ്റിനറി സർജൻ-24000<br>ഡോ.സുഷാന്ത്.വി.എസ്., വെറ്റനറിസർജൻ-8000 |
| 1-15 | 35950 | സെക്രട്ടറി, ശ്രീ. ഷംസുദ്ദീൻ.സി.കെ |
| 1-16 | 400000 | സെക്രട്ടറി, ശ്രീ. ഷംസുദ്ദീൻ.സി.കെ |
| 1-17 | 255000 | സെക്രട്ടറി, ശ്രീ. ഷംസുദ്ദീൻ.സി.കെ |
| ആകെ | 722950 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുൽഫിക്കർ, അസി.എക്സി.എഞ്ചിനീയർ | എക്സിക്യൂട്ടീവ് എഞ്ചിനീയർ ജില്ലാ പഞ്ചായത്ത്, മലപ്പുറം | നാലകത്ത് (H),വെസ്റ്റ് കോഡൂർ കോഡൂർ (PO),മലപ്പുറം ജില്ല |
| ശ്രീ. മാക്സവെൽ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ LID& EW സെക്ഷൻ മാറാടി | കുപ്പേപ്പറമ്പിൽ (വീട്) പിരവം -പിഒ , എരണാംകുളം |

| | | |
|---|---|---|
| | ഗ്രാമപഞ്ചായത്ത് | |
| ശ്രീമതി റീജ കെ.പി , അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ തെന്നല ഗ്രാമ പഞ്ചായത്ത് | കുണ്ടുപ്പള്ളത്തൊടി (വീട്) പത്തായക്കര പി.ഒ , പെരിന്തൽമണ്ണ. 679322(പിൻ) |
| ശ്രീമതി ഫാത്തിമ ഫായിസ യു, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ , കുന്നംപ്പുറം വെറ്റിനറി ഡിസ്പൻസറി | കൊണ്ടാരടാൻ (വീട്) പാണ്ടികശ്ശാല , മൂരിയാട് മലപ്പുറം പിൻ-676306 |
| ശ്രീ. സുഷാന്ത് വി.എസ്, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ തെന്നല ഗ്രാമ പഞ്ചായത്ത് | വട്ടംപ്പറമ്പിൽ (വീട്) പുറത്തിശ്ശേരി ഇരിങ്ങാലക്കട നോർത്ത് , തൃശ്ശൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1972-73 | എൽ എഫ്എം9/507/87/31.10.89 | 10 |
| 1978-79 | എൽ എഫ്എം9/513/87/31.10.89 | 3 |
| 1979-80 | എൽ എഫ്എം9/514/87/31.10.89 | 6 |
| 1980-81 | എൽ എഫ്എം9/515/87/31.10.89 | 1 |
| 1982-83 | എൽ എഫ്എം9/956/87/31.10.89 | 4 |
| 1983-84 | എൽ എഫ് എം9/446/88/31.10.89 | 3 |
| 1984-85 | എൽ എഫ് എം9/39/88/01.03.89 | 28 |
| 1985-86 | എൽ എഫ് എം9/1054/91/22.11.91 | 2 |
| 1986-87 | എൽ എഫ് എം9/27/92/20.06.92 | 11 |
| 1987-88, 1988-89 | എൽ എഫ് എം9/1047/93/1.3.94 | 23 |
| 1989-90, 1990-91 | എൽ എഫ് എം9/937/94/3.8.94 | 4 |
| 1991-92 | എൽ എഫ് എം9/128/93/8.7.93 | 1 |
| 1992-93 & 1993-94 | എൽ എഫ് എം9/681/96/8.1.97 | 15 |
| 1995-96 | എൽ എഫ് എം15/450/98/8.9.98 | 27 |
| 1996-97 | എൽ എഫ് എം15/449/96/31.1.05 | 28 |
| 1.7.1998 മുതൽ 31.3.2001 വരെ പ്ലാൻ | എൽ എഫ് എം13/884/04/21.10.04 | 39 |
| 1997-98വരവ് | എൽ എഫ് എം10/2081/06/10.4.07 | 1 |
| 1997-98ചെലവ് | എൽ എഫ് എം15/449/99/31.1.05 | 28 |
| 1998-99 (പ്ലാൻ ഒഴികെ) | എൽ എഫ് എം10/2083/06/10.4.07 | 16 |
| 1999-00 (പ്ലാൻ ഒഴികെ) | എൽ എഫ് എം10/2084/06/18.4.07 | 7 |
| 2000-01 (പ്ലാൻ ഒഴികെ) | എൽ എഫ് എം10/2341/07/15.12.08 | 4 |
| 2001-02 | എൽ എഫ് എം10/2343/07/15.12.08 | 6 |
| 2002-03 | എൽ എഫ് എം10/2342/07/15.12.08 | 8 |
| 2003-04 | എൽ എഫ് എം10/2344/07/15.12.08 | 13 |
| 2004-05 | എൽ എഫ് എം10/1322/08/13.1.09 | 11 |
| 2005-06 | എൽ എഫ് എം10/1735/09/18.1.10 | 9 |
| 2006-07 | എൽ എഫ് എം10/1736/09/26.3.10 | 25 |
| 2007-08 | എൽ എഫ് എം14/1786/11/15.9.11 | 13 |
| 2008-09 | എൽ എഫ് എം14/1787/11/15.9.11 | 4 |
| 2009-10, 2010-11 | എൽ എഫ് എം14/896/13/31.10.13 | 16 |

| | | |
|---|---|---|
| 2011-12, 2012-13 | എൽ എഫ് എം14/883/14/1.11.14 | 5 |
| 2013-14, 2014-15 | കെ എസ് എ എം പി എം14/510/2016/ 11.10.19 | 7 |
| 2015-16 | കെ എസ് എ എം പി എം14/27/2016/19.6.2018 | 9 |
| 2016-17 | കെ എസ് എ എം പി എം14/1811/2017/21.7.2018 | 8 |
| 2017-18 | കെ.എസ്.എ.എം.പി എം.14/2431/ 22.02.2019 | 13 |
| 2018-19 | കെ.എസ്.എ.എം.പി എം.14/58/20 05.05.2020 | 13 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്